STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.339/PR/SPMC/PHQ/2026 Date: 05.08.2026

## പത്രക്കുറിപ്പ്

## കേരളാ പോലീസിന്റെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം പേജിന്

## രണ്ട് മില്യൺ ഫോളോവേഴ്സ്

രണ്ട് മില്യൺ ഫോളോവേഴ്സ് എന്ന ചരിത്രനേട്ടം കൈവരിച്ച് കേരളാ പോലീസിന്റെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം പേജ്. ലോകത്ത്, പോലീസ് വിഭാഗങ്ങളുടെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം പേജുകളിൽ 2 മില്യൺ ഫോളോവേഴ്സ് എന്ന റെക്കോർഡ് നേടുന്ന ആദ്യ ഇൻസ്റ്റഗ്രാം പേജെന്ന നേട്ടമാണ് കേരളാ പോലീസ് സ്വന്തമാക്കിയിരിക്കുന്നത്. കേരള പോലീസിന്റെ ഔദ്യോഗിക ഫേസ്ബുക് പേജിനു നിലവിൽ 2.3 മില്യൺ ഫോളോവേഴ്സ് ഉണ്ട്.

ജനങ്ങളുമായുള്ള ആശയവിനിമയം കൂടുതൽ ശക്തിപ്പെടുത്തുക, സുരക്ഷാ സന്ദേശങ്ങൾ അതിവേഗം ജനങ്ങളിലെത്തിക്കുക, ബോധവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കേരളാ പോലീസ് സമൂഹമാധ്യമങ്ങളെ ഉപയോഗിച്ചുവരുന്നത്. കാലാനുസൃതമായി മാറുന്ന ആശയവിനിമയ രീതികളെ ഉൾക്കൊണ്ട് പൊതുജനങ്ങളുമായി കൂടുതൽ അടുപ്പം സ്ഥാപിക്കാൻ കഴിഞ്ഞെന്നതാണ് ഈ നേട്ടത്തിന് പിന്നിലെ പ്രധാന ഘടകം. സമൂഹമാധ്യമങ്ങളിലെ കേരള പോലീസ് ശൈലി മറ്റു സർക്കാർ സംവിധാനങ്ങളും പിന്തുടർന്ന് തുടങ്ങിയിട്ടുണ്ട്.

ട്രാഫിക് സുരക്ഷ, സൈബർ സുരക്ഷ, വനിതാ ശിശു സംരക്ഷണം, ലഹരിവിരുദ്ധ ബോധവത്കരണം, ദുരന്തനിവാരണ സന്ദേശങ്ങൾ, നിയമബോധവത്കരണം, പൊതുജന സേവന വിവരങ്ങൾ, റിക്രൂട്ട്മെൻറ് അറിയിപ്പുകൾ തുടങ്ങിയ വിഷയങ്ങൾ ലളിതവും ജനകീയവുമായ രീതിയിൽ പങ്കുവെക്കുന്ന കേരളാ പോലീസിന്റെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾക്ക് നിരവധി ആരാധകരുണ്ട്. സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ, ഹ്രസ്വ വീഡിയോകൾ, റീലുകൾ, ഇൻഫോഗ്രാഫിക്കുകൾ, ആനിമേഷനുകൾ, പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന ക്യാമ്പയിനുകൾ എന്നിവയിലൂടെ സുരക്ഷാ സന്ദേശങ്ങൾ എല്ലാ പ്രായങ്ങളിലുമുള്ള ജനവിഭാഗങ്ങളിലേക്കും ഫലപ്രദമായി എത്തിക്കാൻ കേരള പോലീസ് ശ്രദ്ധ പുലർത്തുന്നുണ്ട്. പുതിയ സാമൂഹ്യമാധ്യമ ട്രെൻഡുകൾ പ്രയോജനപ്പെടുത്തി സന്ദേശങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിലും കേരളാ പോലീസ് ശ്രദ്ധേയമായ മുന്നേറ്റമാണ് നടത്തുന്നത്.

സൈബർ ഓപ്പറേഷൻസ് എസ്. പി, അങ്കിത് അശോകിന്റെ മേൽനോട്ടത്തിൽ കേരള പോലീസ് സോഷ്യൽ മീഡിയ സെല്ലിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ അരുൺ ബി ടി, ഹവിൽദാർ നിധീഷ്. സി എന്നിവരാണ് പോലീസിന്റെ ഔദ്യോഗിക സാമൂഹിക മാധ്യമ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നത്.

കേരള പോലീസിന്റെ ഔദ്യോഗിക ഫേസ് ബുക്ക്, ഇൻസ്റ്റാഗ്രാം അക്കൗണ്ടുകളുടെ ലിങ്കുകൾ ചുവടെ ചേർക്കുന്നു.

ഫേസ് ബുക്ക്:

https://www.facebook.com/share/1B9fkwvRky/

ഇൻസ്റ്റഗ്രാം:

https://www.instagram.com/kerala_police?igsh=MXR1eDU4bmZ0b3B6ZA==

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************